"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

നം.പി.എസ്1/133/2020/ജ.വി.വ
ജലവിഭവ വകുപ്പ്
തിരുവനന്തപുരം,
തീയതി: 21/12/2020

## സർക്കുലർ

വിഷയം:- ജ.വി.വ - മേശപ്പുറത്തുവച്ച കടലാസുകൾ സംബന്ധിച്ച സമിതി (2019-21) - മൂന്നാമത് റിപ്പോർ ട്ട് - കടലാസുകൾ നിയമസഭയുടെ മേശപ്പുറത്തുവയ്ക്കുന്നത് സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങൾ - സംബന്ധിച്ച്

സൂചന:- 1. കേരള നിയമസഭയുടെ മേശപ്പുറത്തുവച്ച കടലാസുകൾ സംബന്ധിച്ച സമിതി (2019-21) യുടെ മൂന്നാമത് റിപ്പോർട്ട്
2. പാർലമെന്ററികാര്യ (ബി) വകുപ്പിന്റെ 05.11.2020 തീയതിയിലെ ബി2/84/2020/പാ.ക.വ നമ്പർ സർക്കുലർ

**********************

മേശപ്പുറത്തുവച്ച കടലാസുകൾ സംബന്ധിച്ച സമിതി (2019-21), 19.11.2019 തീയതിയിൽ സമിതിയുടെ മൂന്നാമത് റിപ്പോർട്ട് നിയമസഭ മുൻപാകെ സമർപ്പിച്ചു. പ്രസ്തുത റിപ്പോർട്ടിൽ കടലാസുകൾ നിയമസഭയുടെ മേശപ്പുറത്തുവയ്ക്കുന്നത് സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങൾ ഉൾക്കൊള്ളിച്ചിരിക്കുന്നു. എസ്.ആർ.ഒ-കൾ, വിജ്ഞാപനങ്ങൾ, ചട്ടങ്ങൾ, ഉപചട്ടങ്ങൾ, ബൈലാകൾ, വാർഷിക/ ആഡിറ്റ് റിപ്പോർട്ടുകൾ മുതലായവ നിയമസഭയുടെ മേശപ്പുറത്തുവയ്ക്കുന്നത് സംബന്ധിച്ച് സമിതിയുടെ പ്രധാന വിലയിരുത്തലുകൾ ചുവടെചേർക്കുന്നു.

1. വാർഷിക/ ആഡിറ്റ് റിപ്പോർട്ടുകൾ സഭ മുൻപാകെ സമർപ്പിക്കുന്നതിൽ കമ്പനികൾ, സ്വയംഭരണസ്ഥാപനങ്ങൾ, കോർപ്പറേഷനുകൾ, ബോർഡുകൾ തുടങ്ങിയവ ബന്ധപ്പെട്ട നിയമങ്ങൾ/ നിയമസഭ ചട്ടങ്ങൾ അനുശാസിക്കുന്ന സമയപരിധി പാലിക്കുന്നില്ല. സർക്കാർ ഭീമമായ നിക്ഷേപം നടത്തിയിട്ടുള്ള പൊതുമേഖലസ്ഥാപനങ്ങളുടെ പ്രവർത്തനം സംബന്ധിച്ച റിപ്പോർട്ട് നിർദ്ദിഷ്ടസമയത്തിനുള്ളിൽ സഭയിൽ സമർപ്പിക്കാത്തത് അംഗീകരിക്കാനാവില്ല.

2. സംസ്ഥാനത്തിന്റെ വികസനത്തിനും, വ്യാവസായിക പുരോഗതിക്കും പൊതുമേഖലാസ്ഥാപനങ്ങൾ അനുപേക്ഷണീയമായതിനാൽ അവ മികച്ചരീതിയിൽ പ്രവർത്തിക്കേണ്ടതും നിലനിൽക്കേണ്ടതും സമൂഹത്തിന്റെ ആവശ്യമാണ്. സർക്കാർ പൊതുഖജനാവിൽ നിന്നും അനുവദിക്കുന്ന പണം ഫലപ്രദമായി വിനിയോഗിക്കുന്നുണ്ടോ എന്ന് പൊതുസമൂഹത്തെ ബോധ്യപ്പെടുത്തേണ്ട ബാധ്യത അതാത് സ്ഥാപനങ്ങൾക്കുണ്ട്. എന്നാൽ, കണക്കുകൾ യഥാസമയം തയ്യാറാക്കി ആഡിറ്റ് നടത്താത്തത് കാരണം പൊതുമേഖലാ സ്ഥാപനങ്ങൾ പലതും നഷ്ടത്തിലാണ് പ്രവർത്തിക്കുന്നതെന്ന വിവരം അറിയുന്നത് വർഷങ്ങൾ കഴിഞ്ഞാണ്. തൻമൂലം, സമയോചിതമായ ഇടപെടലുകളിലൂടെ നിയമസഭാംഗങ്ങൾക്ക് പരിഹാര മാർഗങ്ങൾ നിർദ്ദേശിക്കുന്നതിനോ, നടപടികൾ കൈക്കൊള്ളുന്നതിനോ സാധിക്കാത്ത അവസ്ഥ സംജാതമാകുന്നു.

3. എസ്.ആർ.ഒ-കൾ, വിജ്ഞാപനങ്ങൾ, ചട്ടങ്ങൾ, ഉപചട്ടങ്ങൾ, ബൈലാകൾ, സർക്കാർ നിയമിക്കുന്ന അന്വേഷണ കമ്മീഷനുകളുടെ റിപ്പോർട്ടുകൾ, അതിൻമേൽ സർക്കാർ സ്വീകരിക്കുന്ന നടപടികൾ സംബന്ധിച്ച ആക്ഷൻടേക്കൺ സ്റ്റേറ്റ്മെന്റ്, കമ്മീഷൻ സർക്കാരിന് നൽകുന്ന ശിപാർശകൾ എന്നിവ സമയബന്ധിതമായി സഭയിൽ സമർപ്പിക്കുന്നതിന് വകുപ്പുകൾ അർഹിക്കുന്ന പ്രാധാന്യം നൽകുന്നില്ല.
4. കടലാസുകൾ മേശപ്പുറത്തുവയ്ക്കുന്നത് സംബന്ധിച്ച് ഉദ്യോഗസ്ഥതലത്തിലുള്ള അറിവില്ലായ്മയും ഗൗരവക്കുറവും കാലതാമസത്തിനിടയാക്കുന്നു.
5. സമിതിയുടെ മുൻകാല റിപ്പോർട്ടുകളും, ശിപാർശകളും കാര്യക്ഷമമായരീതിയിൽ നടപ്പിലാക്കിയിട്ടില്ല.

മേശപ്പുറത്തുവച്ച കടലാസുകൾ സംബന്ധിച്ച സമിതി (2019-21) യുടെ മൂന്നാമത് റിപ്പോർട്ടിലെ നിർദ്ദേശങ്ങളുടേയും, ശുപാർശകളുടെയും അടിസ്ഥാനത്തിൽ ചുവടെപ്പറയുന്ന മാർഗ്ഗനിർദ്ദേശങ്ങൾ ജലവിഭവ വകുപ്പിലെ എല്ലാ സെക്ഷനുകളും, മാനേജിംഗ് ഡയറക്ടർ, കേരള വാട്ടർ അതോറിറ്റി, എക്സിക്യൂട്ടീവ് ഡയറക്ടർ, ജലനിധി, മാനേജിംഗ് ഡയറക്ടർ, കേരള ഇറിഗേഷൻ ഇൻഫ്രാസ്ട്രക്ച്ചർ ഡവലപ്പ്മെന്റ് കോർപ്പറേഷൻ എന്നീ വകുപ്പ് തലവൻമാരും കൃത്യമായി പാലിക്കുന്നതിനായി പുറപ്പെടുവിക്കുന്നു

I. കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 166 അനുശാസിക്കുംവിധം എസ്.ആർ.ഒ-കൾ, റഗുലേഷനുകൾ, ചട്ടങ്ങൾ, ഉപചട്ടങ്ങൾ, ബൈലാകൾ, അവയുടെ ഭേദഗതികൾ എന്നിവ ബന്ധപ്പെട്ട ആക്ടിൽ നിർദ്ദേശിക്കപ്പെട്ട കാലയളവിലേക്ക് നിയമസഭ മുൻപാകെ വയ്ക്കേണ്ടതാണ്. എന്നാൽ, ബന്ധപ്പെട്ട ആക്ടിൽ കാലയളവ് നിർദ്ദേശിക്കപ്പെട്ടിട്ടില്ലായെങ്കിൽ, അങ്ങനെയുള്ള റഗുലേഷനുകൾ, ചട്ടങ്ങൾ, ഉപചട്ടങ്ങൾ, ബൈലാകൾ മുതലായവ നിയമസഭ മുൻപാകെ 14 ദിവസത്തെ ഒരു കാലയളവിലേയ്ക്ക് വയ്ക്കേണ്ടതാണ്.

II. കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 166 ന്റെ ഉപചട്ടം 1-ൽ പരാമർശിക്കുന്ന എല്ലാ റെഗുലേഷനുകളും ചട്ടങ്ങളും ഉപചട്ടങ്ങളും ബൈലാകളും അവ പുറപ്പെടുവിച്ച് പരമാവധി രണ്ട് (2) മാസകാലയളവിനുള്ളിൽ നിയമസഭ മുൻപാകെ വയ്ക്കേണ്ടതാണ് (ചട്ടം 166 എ).

III. കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 166 ബി (1) പ്രകാരം, കമ്പനികൾ, സ്വയംഭരണസ്ഥാപനങ്ങൾ, കോർപ്പറേഷനകൾ, ബോർഡുകൾ മുതലായവയുടെ വാർഷിക റിപ്പോർട്ട്/ ആഡിറ്റ് റിപ്പോർട്ട് അതാത് ആക്ടിലോ ചട്ടങ്ങളിലോ നിർദ്ദേശിച്ചിട്ടുള്ള സമയത്തിനുള്ളിൽ സഭയുടെ മേശപ്പുറത്ത് വയ്ക്കേണ്ടതാണ്. അപ്രകാരം ഏതെങ്കിലും ആക്ടിലോ ചട്ടങ്ങളിലോ മറ്റ് വിധത്തിൽ വ്യക്തമാക്കാത്തിടത്തോളം എല്ലാ കമ്പനികൾ, സ്വയംഭരണസ്ഥാപനങ്ങൾ, കോർപ്പറേഷനകൾ, ബോർഡുകൾ മുതലായവയുടെ വാർഷിക റിപ്പോർട്ട്/ ആഡിറ്റ് റിപ്പോർട്ട് കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 166 ബി (3) പ്രകാരം ആ സാമ്പത്തിക വർഷം പൂർത്തിയായ ശേഷം ഒൻപത് മാസത്തിനകം സഭയുടെ മേശപ്പുറത്ത് വയ്ക്കേണ്ടതാണ്.

IV. സഭ മുമ്പാകെ വാർഷിക റിപ്പോർട്ട് മാത്രം സമർപ്പിക്കാൻ ബാധ്യസ്ഥമായ സ്വയംഭരണ സ്ഥാപനങ്ങൾ, കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 166 ബി (4) പ്രകാരം ആ സാമ്പത്തിക വർഷം അവസാനിച്ച് ആറ് മാസത്തിനകം ആയത് സഭയുടെ മേശപ്പുറത്ത് വയ്ക്കേണ്ടതാണ്.

V. സംസ്ഥാന സർക്കാരിൽ നിന്നും അൻപത് ലക്ഷം രൂപയോ അതിൽ കൂടുതലോ ഒറ്റത്തവണ ഗ്രാന്റായോ അല്ലെങ്കിൽ ഇരുപത്തിയഞ്ച് ലക്ഷം രൂപയോ അതിൽ കൂടുതലോ ആവർത്തക ഗ്രാന്റായോ

കൈപ്പറ്റുന്ന സർക്കാരിതര സ്ഥാപനങ്ങളുടെ വാർഷിക റിപ്പോർട്ടും ആഡിറ്റ് റിപ്പോർട്ടും സാമ്പത്തിക വർഷം അവസാനിച്ച് ആറ് മാസത്തിനുള്ളിൽ കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 166 ബി (5) പ്രകാരം സഭ മുമ്പാകെ മേശപ്പുറത്ത് വയ്ക്കേണ്ടതാണ്

VI. നിർദ്ദിഷ്ട സമയത്തിനുള്ളിൽ എസ്.ആർ.ഒ-കൾ, റഗുലേഷനുകൾ, ചട്ടങ്ങൾ, ഉപചട്ടങ്ങൾ, ബൈലാകൾ, വാർഷിക റിപ്പോർട്ട് / ആഡിറ്റ് റിപ്പോർട്ട് സമർപ്പിക്കുന്നതിൽ പരാജയപ്പെടുന്ന പക്ഷം കാലതാമസത്തിനുള്ള കാരണം വ്യക്തമാക്കുന്ന നിർദ്ദിഷ്ടമാതൃകയിലുള്ള ഡിലേ സ്റ്റേറ്റ്മെന്റിന്റെ (ധനകാര്യവകുപ്പിന്റെ 12.12.2013-ലെ 105/2013/ധന നമ്പർ സർക്കുലർ പ്രകാരമുള്ളത്) 150 പകർപ്പുകൾ (വകുപ്പ് മന്ത്രി സാക്ഷ്യപ്പെടുത്തിയ ഒരു പകർപ്പും ബാക്കിയുള്ളവ ജോയിന്റ് സെക്രട്ടറിയുടെ പദവിയിൽ കുറയാത്ത ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തിയതും) സഹിതം ബന്ധപ്പെട്ട രേഖകളുടെ 1500 പകർപ്പുകൾ സഭയുടെ മേശപ്പുറത്ത് വയ്ക്കുന്നതിനായി ലഭ്യമാക്കേണ്ടതാണ്. നിസ്സാര കാരണങ്ങൾ ചൂണ്ടിക്കാട്ടി കാലതാമസ പത്രിക സമർപ്പിക്കുന്ന പ്രവണത ഒഴിവാക്കേണ്ടതാണ്.

VII. സഭയുടെ മേശപ്പുറത്ത് വയ്ക്കുന്നതിനായി ലഭ്യമാക്കുന്ന റിപ്പോർട്ടുകളുടെ പുറംചട്ടയിൽ/ ആമുഖത്തിൽ വാർഷിക റിപ്പോർട്ടാണോ, ആഡിറ്റ് റിപ്പോർട്ടാണോ അല്ലെങ്കിൽ ഇവ രണ്ടും ഒരുമിച്ചുള്ളതാണോ എന്നതും ആക്ടിന്റെ അല്ലെങ്കിൽ ചട്ടത്തിന്റെ ഏത് വ്യവസ്ഥ പ്രകാരമാണ് സഭയുടെ മേശപ്പുറത്ത് വയ്ക്കുന്നത് എന്നുള്ള വിവരവും വ്യക്തമായി രേഖപ്പെടുത്തിയിരിക്കേണ്ടതാണ്.

VIII. സഭയിൽ വാർഷിക റിപ്പോർട്ട് / ആഡിറ്റ് റിപ്പോർട്ട് സമർപ്പിക്കാൻ ബാധ്യസ്ഥമായ ജലവിഭവ വകുപ്പിന് കീഴിലുള്ള കേരള വാട്ടർ അതോറിറ്റി, ജലനിധി, കേരള ഇറിഗേഷൻ ഇൻഫ്രാസ്ട്രക്ച്ചർ ഡവലപ്പ്മെന്റ് കോർപ്പറേഷൻ എന്നീ സ്ഥാപനങ്ങൾ ഏത് ആക്ട് പ്രകാരമാണ് റിപ്പോർട്ട് സമർപ്പിക്കുന്നതെന്ന് സംബന്ധിച്ച വിശദവിവരം ബന്ധപെട്ട ജലവിഭവ സെക്ഷനുകൾ /വകുപ്പദ്ധ്യക്ഷൻമാർ ജലവിഭവ (പാർലമെന്റ് ) വകുപ്പിൽ ലഭ്യമാക്കേണ്ടതാണ്.

IX. കേരള വാട്ടർ അതോറിറ്റി, ജലനിധി, കേരള ഇറിഗേഷൻ ഇൻഫ്രാസ്ട്രക്ച്ചർ ഡവലപ്പ്മെന്റ് കോർപ്പറേഷൻ എന്നീ സ്ഥാപനങ്ങളിൽ കുടിശ്ശികയായിട്ടുള്ള വാർഷിക റിപ്പോർട്ടും ആഡിറ്റ് റിപ്പോർട്ടും പൂർത്തികരിക്കുന്നത് സംബന്ധിച്ച് ഒരു ഷെഡ്യൂൾ ബന്ധപെട്ട ജലവിഭവ സെക്ഷനുകൾ / വകുപദ്ധ്യക്ഷൻമാർ അടിയന്തിരമായി തയ്യാറാക്കി ജലവിഭവ പാർലമെന്റ്) വകുപ്പിൽ ലഭ്യമാക്കേണ്ടതാണ്.

X. വാർഷിക റിപ്പോർട്ട് / ആഡിറ്റ് റിപ്പോർട്ട് സമർപ്പണവുമായി ബന്ധപ്പെട്ട് കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ഭേദഗതികൾക്കനുസൃതമായി കേരള വാട്ടർ അതോറിറ്റി, ജലനിധി, കേരള ഇറിഗേഷൻ ഇൻഫ്രാസ്ട്രക്ച്ചർ ഡവലപ്പ്മെന്റ് കോർപ്പറേഷൻ എന്നീ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട നിയമങ്ങളിലും ചട്ടങ്ങളിലും ആവശ്യമായ ഭേദഗതി വരുത്തുന്നത് സംബന്ധിച്ച നിർദ്ദേശങ്ങൾ ബന്ധപെട്ട വകുപ്പദ്ധ്യക്ഷൻമാർ ജലവിഭവ വകുപ്പിൽ ലഭ്യമാക്കേണ്ടതാണ്.

XI. കേരള വാട്ടർ അതോറിറ്റി, ജലനിധി, കേരള ഇറിഗേഷൻ ഇൻഫ്രാസ്ട്രക്ച്ചർ ഡവലപ്പ്മെന്റ് കോർപ്പറേഷൻ എന്നീ സ്ഥാപനങ്ങൾ വാർഷിക റിപ്പോർട്ട്/ ആഡിറ്റ് റിപ്പോർട്ട് അതത് വർഷം തന്നെ തയ്യാറാക്കി ജലവിഭവ വകുപ്പിൽ സമർപ്പിക്കേണ്ടതാണ്.

XII. കേരള വാട്ടർ അതോറിറ്റി, ജലനിധി, കേരള ഇറിഗേഷൻ ഇൻഫ്രാസ്ട്രക്ച്ചർ ഡവലപ്പ്മെന്റ് കോർപ്പറേഷൻ എന്നീ സ്ഥാപനങ്ങളിലെ ഇന്റേണൽ ആഡിറ്റ് സംവിധാനത്തിന്റെ പ്രവർത്തനവും പ്രവർത്തനമികവും സംബന്ധിച്ച റിപ്പോർട്ട് ബന്ധപ്പെട്ട വകുപ്പദ്ധ്യക്ഷൻമാർ ജലവിഭവ വകുപ്പിൽ ലഭ്യമാക്കേണ്ടതാണ്.

പി.അശോക് കുമാർ,

അഡീഷണൽ സെക്രട്ടറി

മാനേജിംഗ് ഡയറക്ടർ, കേരള വാട്ടർ അതോറിറ്റി,
എക്സിക്യൂട്ടീവ് ഡയറക്ടർ, ജലനിധി
മാനേജിംഗ് ഡയറക്ടർ, കേരള ഇറിഗേഷൻ ഇൻഫ്രാസ്ട്രക്ച്ചർ ഡവലപ്പ്മെന്റ് കോർപ്പറേഷൻ
ജലവിഭവ വകുപ്പിലെ എല്ലാ സെക്ഷനുകൾക്കും
പാർലമെന്ററികാര്യ (ബി) വകുപ്പ്
വെബ് & ന്യൂ മീഡിയ
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Prijith

സെക്ഷൻ ഓഫീസർ.

പകർപ്പ് :- ബഹു. ജലവിഭവ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി
ജലവിഭവ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ-യ്ക്ക്
ജലവിഭവ വകുപ്പ് അഡീഷണൽ സെക്രട്ടറിയുടെ സി.എ-യ്ക്ക്